# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-ഇകെഎം(പി.9)/1781/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 26/12/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-ഇകെഎം(പി.9)/1781/2024 തീയ്യതി: 26/12/2024

## എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിനി എം വി | ജോയിന്റ് ഡയറക്ടർ | 05-12-2024 | 13-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2024 | 13-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

റസിയബീവി ജെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്),
മേഴ്സി കെ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
അനീഷ് ടി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ,
സൂര്യശ്രീ ബി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രീതി അനീൽ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ജിൻസി റ്റി ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 02-05-2023 |
| അനീഷ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2023 | 03-07-2023 |
| മാത്യൂ ജോൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2023 | 18-07-2023 |
| തോമസ് ഉമ്മൻ | സെക്രട്ടറി | 19-07-2023 | 18-03-2024 |

| | | | |
|---|---|---|---|
| അനിൽകുമാർ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിൻസി റ്റി ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 02-05-2023 |
| അനീഷ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 03-05-2023 | 03-07-2023 |
| മാത്യൂ ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 04-07-2023 | 01-09-2023 |
| അനീഷ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 02-09-2023 | 12-09-2023 |
| ബിന്ദു കെ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 13-09-2023 | 25-02-2024 |
| അനിൽകുമാർ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 26-02-2024 | 31-03-2024 |
| എൽദോസ് അബ്രഹാം | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ സീജാ സുന്ദരൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഷാജി ജോൺ | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ് | 01-04-2023 | 31-03-2024 |
| ജിഷ പി എൻ | വി.ഇ.ഒ(മുത്തോലപുരം) | 01-04-2023 | 31-03-2024 |
| ആതിര തങ്കൻ | വി.ഇ.ഒ(ഇലഞ്ഞി) | 01-04-2023 | 31-03-2024 |
| ബിന്ദു കെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ പി കെ ശ്രീലത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ മോഹൻദാസ് ടി കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ സുമയ്യ കെ എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 07-07-2023 |
| ഡോ സൂര്യമോൾ വി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-07-2023 | 31-03-2024 |
| ജീന ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| മനോജ് കുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | അസറ്റ് രജിസ്റ്റർ കാലികമല്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് നീക്കിയിരുപ്പ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മാലിന്യസംസ്കരണം ഹരിത കർമ്മസേനയിലൂടെ -അവലോകനം | 1-10 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-11 |
| 16 | പഞ്ചായത്തിലെ കള്ള് ഷാപ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 17 | മൊബൈൽ ടെലിഫോൺ ടവർ ഉടമകൾ വസ്തു നികുതി കുടിശ്ശിക അടവാക്കിയിട്ടില്ല | 1-13 A |
| 18 | വസ്തു നികുതി കുടിശ്ശിക അടവാക്കായിട്ടില്ല | 1-13 B |
| 19 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകമുറികളിൽ ലൈസൻസ് എടുക്കാതെ കടകൾ പ്രവർത്തിക്കുന്നു. | 1-14 |
| 20 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- തുക അക്കൗണ്ടിലേയ്ക്ക് എത്തിയിട്ടില്ല | 1-15 |
| 21 | എസ്.എസ്.എ. വിഹിതം അടവാക്കിയത് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-16 |
| 22 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ: 1,28,087/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-17 |
| 23 | സാമൂഹ്യസുരക്ഷാ പെൻഷൻ - അനർഹരെ ഒഴിവാക്കേണ്ടതാണ് | 1-18 |
| 24 | മരുന്നു വാങ്ങിയപ്പോൾ സർക്കാർ നിർദേശം പാലിച്ചിട്ടില്ല | 1-19 |
| 25 | സമഗ്ര പുരയിട കൃഷി-തുക വിതരണം ചെയ്ത രേഖകളിലുള്ള അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.₹5,37,500/- തടസ്സപ്പെടുത്തുന്നു. | 1-20 |
| 26 | അർഹതപ്പെട്ടവർക്ക് ചികിത്സാ സഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-21 |
| 27 | ദുരിതാശ്വാസ നിധി-പ്രവർത്തനക്ഷമമല്ല. | 1-22 |
| 28 | ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 29 | വൃക്കരോഗികൾക്ക് ഡയാലിസിസ് - എല്ലാ രോഗികൾക്കും തുക കിട്ടിയെന്ന് ഉറപ്പാക്കിയില്ല ₹15000/-തടസ്സം | 1-24 |
| 30 | ലൈഫ് ഭവന നിർമ്മാണം - ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 1-25 |
| 31 | എ.ബി.സി. പ്രോഗ്രാമിനുവേണ്ടി പാമ്പാക്കുട ബ്ളോക്ക് പഞ്ചായത്തിന് തുക കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 32 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 33 | കാലിവീപ്പയുടെ വില ഒടുക്കിയത് സംബന്ധിച്ച് | 1-28 |
| 34 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം | 1-29 |
| 35 | പുത്തൻകോളനിയിൽ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-30 |
| 36 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രൊജക്ടുകളിൽ രേഖകൾ | 1-31 |

| | | |
|---|---|---|
| | അപൂർണ്ണം | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ ( കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **29.06.2024 ലെ 4(1)** -ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **22.07.2024-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31 ന് അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ **2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: എറണാകുളം**
**തീയതി: 26.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപ്പത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 അസറ്റ് രജിസ്റ്റർ കാലികമല്ല

നിലവിലുള്ള അസറ്റ് രജിസ്റ്ററിലെ അസറ്റ് മൂല്യവും ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യവും പൊരുത്തപ്പെടുന്നില്ല.

## 1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹6844105/- ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹692020/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 08.3.2023 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 29.03.2023 ലെ 1/(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 27.03.2024 ലെ 3/1 -ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹4291605 | ₹8342795 |
| വരവ് | ₹163900325 | ₹192534161 |
| ആകെ | ₹168191930 | ₹200876956 |
| ചെലവ് | ₹163372630 | ₹196611134 |
| നീക്കിയിരുപ്പ് | ₹4819300 | ₹4265822 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹17180703.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹39407783.00 |
| ആകെ | : | ₹56588486.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹32563678.00 |
| നീക്കിയിരുപ്പ് | : | ₹24024808.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹11375000 | ₹11375000 | ₹9007830 | ₹2367170 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹1839000 | ₹1839000 | ₹1744843 | ₹94157 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹14966500 | ₹14966500 | ₹2682568 | ₹12283932 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹4416600 | ₹4416600 | ₹2461288 | ₹1955312 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) | ₹55621 | ₹1884000/-+ (₹100976/-ബാങ്ക പലിശ) | ₹2040597 | ₹1054155 | - | ₹986442 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | ₹3901083 | ₹1413000 | ₹5314083 | ₹3110498 | - | ₹2203585 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ് (320100192) | ₹82088 | ₹2282 | ₹84370 | - | - | ₹84370 |
| ഐ.സി.ഡി.എസ്. (320100196) | ₹484031 | ₹719165 | ₹1203196 | ₹110433 | - | ₹1092763 |
| ശുചിത്വമിഷൻ (320100198) | ₹57895 | - | ₹57895 | ₹57895 | - | - |
| Health Grant – Support For Diagnostic Infrastructure (320100202) | ₹193105 | ₹744385 | ₹937490 | ₹242688 | - | ₹694802 |
| Health Grant – Conversion Of PHC Sub Centres Into Wellness Centres (320100204) | ₹90446 | ₹324478 | ₹414924 | ₹114847 | - | ₹300077 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | ₹146980 | - | ₹146980 | ₹146980 | - | - |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് 320200304 | | | | | | |
| ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് 320100152 | - | ₹100000 | ₹100000 | - | - | ₹100000 |
| വിമുക്തി (320300199) | ₹31393 | - | ₹31393 | - | - | ₹31393 |
| റൂറൽ ഹൗസിങ്ങ് 320100160 | ₹840000* | ₹4700000+ (290000)* | ₹5830000 | ₹4230000 | - | ₹1600000 |

കുറിപ്പ്:

.വികസന ഫണ്ട് ജനറൽ വരവിലും, ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹11,68,699/-, മൂലധന ചെലവ് ₹137645/- ഉൾപ്പെടുന്നുണ്ട്.

. സംരക്ഷണഗ്രാന്റ് (റോഡിതരം) മൂലധന ചെലവ് ₹19872/- ഉൾപ്പെടുന്നുണ്ട്.

. ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) മൂലധന ചെലവ് ₹149115/- ഉൾപ്പെടുന്നുണ്ട്.

. ധനകാര്യകമ്മീഷൻ അവാർഡ്(Tied) മൂലധന ചെലവ് ₹1837422/- ഉൾപ്പെടുന്നുണ്ട്.

*2021-22 ൽ സ്റ്റേറ്റ് ഷെയറായി ലഭിച്ച 740000/-രൂപ KURDFC ലോണായി തെറ്റായി രേഖപ്പെടുത്തിയ തുക ജേണൽ എൻട്രിമുഖേന 450000/-രുപയുടെ ചെലവ് കുറച്ച് ഉൾപ്പെടുത്തിയ തുക.

*മുൻ വർഷ നീക്കിയിരുപ്പിൽ നിന്നും പലിശ ഇനത്തിൽ ലഭിച്ച ₹34228/- ഇൻട്രസ്റ്റ് ഹെഡിലേക്ക് മാറ്റിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പാക്കിയത്. (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ. (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ (%) |
|---|---|---|---|---|---|---|
| 180 | ₹129435638 | ₹35251448 | 96 | 14 | 70 | 53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹0 | ₹981217 | ₹981217 | ₹981217 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹19069714 | ₹19069714 | ₹19069714 | - |
| ആകെ | ₹0 | ₹20050931 | ₹20050931 | ₹20050931 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | ₹2462400 | 204 |
| വിധവാ പെൻഷൻ | ₹5704500 | 541 |
| വാർധക്യകാല പെൻഷൻ | ₹16705200 | 1628 |
| വികലാംഗ പെൻഷൻ | ₹2091800 | 190 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹665600 | 59 |

## 1-8 ക്യാഷ് നീക്കിയിരുപ്പ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് പരിശോധന 05.12.2024 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3.30 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് ₹8398/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ

പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിംഗിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിംഗ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

## 1-10 മാലിന്യസംസ്കരണം ഹരിത കർമ്മസേനയിലൂടെ -അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുകഎന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ ലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെയാണ് നടപ്പാക്കുന്നത്. ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

<u>അടിസ്ഥാന വിവരങ്ങൾ</u>

എറണാകുളം ജില്ലയിൽ പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട ഇലഞ്ഞി ഗ്രാമപഞ്ചായത്തിന് 29.48 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 13 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 16495 ആണ്. ആൾതാമസമുള്ള 4208 വീടുകളും 408 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 13 വാർഡുകളിലായി ആകെ 26 ഹരിത കർമ്മ സേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.



ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങൾ




കുട്ടികളുടെ ഹരിതസഭ

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവ മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(MCF)മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ

അടിസ്ഥാന വിവരങ്ങൾ

(ചിത്രം – 1) എംസിഎഫ് ന്റെ ദൃശ്യം ചേർക്കുന്നു, ഹരിതകർമ്മസേനാംഗങ്ങളെയും കാണാം



(ചിത്രം – 2) എംസിഎഫ് ഓഫീസിനായി ഉദ്ദേശിച്ചിട്ടുള്ള മുറി, ഇതിന്റെ ഓഫീസ് ഫർണിഷിംഗിനായി പ്രൊജക്ട് വച്ചിട്ടുള്ളതായി വി.ഇ.ഒ. അറിയിച്ചു



(ചിത്രം – 3) ബസ് സ്റ്റാന്റിൽ ഉള്ള അഡീഷണൽ (MCF)




റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

നിലവിൽ RRF ഇല്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

അതിഥിതൊഴിലാളി വാസസ്ഥല ഉടമകൾ, ഘടകസ്ഥാപന മേധാവികൾ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ എന്നിവരുടെ മീറ്റിംഗിൽ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

2023-24 വർഷത്തെ വാർഷിക തൊഴിൽ ദിനങ്ങൾ 4680 ആണ്. യൂസർ ഫീ ഇനത്തിൽ ₹11,07,375/-വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും കളക്ട് ചെയ്യുന്ന യൂസർ ഫീയുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 26 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹4,000/- മുതൽ ₹5,000/- വരെ പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. വ്യാപാരി വ്യവസായി ഏകോപന സമിതി യോഗങ്ങളിലും എ.ഡി.എസ്., സി.ഡി.എസ്. യോഗങ്ങളിൽ നിർദേശം നൽകൽ എന്നിവയല്ലാതെ ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ളതിനായി മറ്റ് പ്രവർത്തനങ്ങളൊന്നും ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.

<u>അടിസ്ഥാന സൗകര്യവികസനം</u>

എല്ലാ വാർഡുകളിലും മിനി എംസിഎഫ്കളുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ സ്വന്തമായി വാഹനം (ഇലക്ട്രിക് ഓട്ടോ) ഉണ്ട് നമ്പർ KL17Y6788.

<u>പാരിസ്ഥിതിക ആഘാതം</u>

പൊതുനിരത്തുകളും പാതയോരങ്ങളും മാലിന്യം മുക്തമാക്കുന്നതിന് ഇലഞ്ഞി ടൗണിൽ വലിച്ചെറിയൽ മുക്തകേരളം കാമ്പയിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. വിജിലൻസ് സ്ക്വാഡിന്റെ പരിശോന, പാരിതോഷികം പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രചരണം എന്നിവ നടത്തുന്നുണ്ട്.

<u>പരിശീലനവും വികസനവും</u>

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യം തരംതിരിക്കൽ, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. അഗ്നി സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച ട്രെയിനിംഗ്, ഹരിതമിത്രം ട്രെയിനിംഗ് എന്നിവ നൽകിയിട്ടുണ്ട്. നിലവിൽ രണ്ട് പേർ ഡ്രൈവിംഗ് പരിശീലനം നടത്തുന്നുണ്ട്.

<u>ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം</u>

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും അവലോകന യോഗം നടത്താറുണ്ട്. മാനസിക സമ്മർദ്ദം കുറയ്ക്കാൻ പരിശീലനം നൽകുന്നുണ്ട്. മൂന്നു മാസത്തിലൊരിക്കൽ പൊതുമീറ്റിംഗ്, കൺസോർഷ്യം മീറ്റിംഗ് എന്നിവ നടത്തി വരുന്നുണ്ട്. ക്യു ആർ കോഡ് പതിപ്പിക്കൽ 100 % പൂർത്തിയായിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഹരിതമിത്രം എന്റോൾമെന്റ് 73% ആണ്.

1. <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>

എല്ലാ മാസവും വാർഡ് തലത്തിൽ മാലിന്യശേഖരണം നടത്തിവരുന്നു. പൊതു മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

2. <u>മാലിന്യ സംഭരണ ശേഷി</u>

മാലിന്യം സംഭരിക്കുന്നതിനുള്ള നിലവിലെ എം. സി. എഫ്. ന് ഏകദേശം 200 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 15 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

3. <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

4. <u>ശുചിത്വമാനദണ്ഡങ്ങൾ</u>

എം. സി. എഫ്. പരിസരത്ത് തുടർച്ചയായി ശുചീകരണം നടത്താറുണ്ട്.

5. <u>യഥാസമയം മാലിന്യം കൈയ്യൊഴിയൽ</u>

ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടുകയും മാലിന്യം കൈമാറുകയും ചെയ്യുന്നുണ്ട്. മാസത്തിലൊരിക്കൽ എം.സി.എഫിൽ നിന്ന് മാലിന്യം കൈമാറുന്നു.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ:</u>**

1. സർക്കാർ മാനദണ്ഡം പ്രകാരമുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) എത്രയും വേഗം യാഥാർത്ഥ്യമാക്കുക.

2. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുക.
3. ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാന വർദ്ധനവിന് സ്ക്രാപ്പ്, പഴയ ന്യൂസ്പേപ്പർ എന്നിവ കൂടി ശേഖരിച്ച് വിൽപന നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
4. തുണിസഞ്ചി നിർമ്മാണം പ്രോത്സാഹിപ്പിച്ച് പ്ലാസ്റ്റിക് ക്യാരി ബാഗിന്റെ ഉപയോഗം കുറയ്ക്കുക.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1. ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തത്

ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ബിലാണ്ട സോഫാസ് | 13/407/B | 14 |
| 2. | ഏദൻ ബേക്കറി | 8/123 | 7 |
| 3. | മാമ്പള്ളിൽ മെഡിക്കൽസ് | 11/149 | 3 |
| 4. | കല്ലാനീസ് സൂപ്പർ ഷോപ്പേ | 8/357,358,359,363 | 2 |

2. തൊഴിൽ നികുതി (ഇൻസ്റ്റിട്യൂഷൻ ടാക്സ്) അടവാക്കാത്തത് സംബന്ധിച്ച്

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കേരള സ്റ്റേറ്റ് ബീവറേജ്സ് കോർപറേഷൻ (K. S. B. C) ഇൻസ്റ്റിട്യൂഷൻ ടാക്സ് അടവാക്കിയിട്ടില്ല.

3. സ്കൂൾ ജീവനക്കാരുടെ വേതന വിവരങ്ങൾ ലഭ്യമല്ല

താഴെ ചേർത്തിരിക്കുന്ന രണ്ടു വിദ്യാലയങ്ങളിൽ നിന്ന് ഒരാളുടെ (ഹെഡ്മാസ്റ്ററുടെ) തൊഴിൽ നികുതി മാത്രമാണ് ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുള്ളത്. വിദ്യാലയത്തിന്റെ പ്രവർത്തനത്തിനനിവാര്യമായ അധ്യാപകരുടെയും, അനധ്യാപകരുടെയും പേരും, വേതന വിവരങ്ങളും ലഭ്യമല്ല.

(I). സെയിന്റ് ജോർജ് എൽ. പി. എസ്, ജോസ്ഗിരി

(Ii). സെയിന്റ് സേവ്യേഴ്സ് യു. പി. എസ്, കൂര്

മേൽ വിവരിച്ച ജീവനക്കാരിൽ/സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/05.12.2024) ന് മറുപടി ലഭ്യമായില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെ, ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്തിലെ കള്ള് ഷാപ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്തീ രാജ് (ഫാക്ടറികളും, വ്യാപരങ്ങളും, സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ, പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഇലഞ്ഞി ഗ്രാമപഞ്ചത്തിന്റെ 2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 7 കള്ള് ഷാപ്പുകളുടെ ഉടമകൾ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും, ഇവർ ലൈസൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. ഷാപ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഷാപ്പ് നമ്പർ / സ്ഥലം | ഉടമയുടെ പേര് |
|---|---|
| TS 26/ആലപുരം | പ്രദീപ് |
| TS 27/പെരുമ്പടവം | വിനോദ് |
| TS 28/ഇലഞ്ഞി മാർക്കറ്റ് | ഷാജി |
| TS 30/മുത്തോലപുരം | അനിൽ |
| TS 31/ചക്കാലപ്പാറ | ബൈജു |

| | |
|---|---|
| TS 52/മുങ്ങോട് | പി. കെ സുനിൽ |
| TS 64/മടുക്ക | രാജേഷ് |

ടി ഷാപ്പുകൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണമെന്ന്ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം./തീയതി 13/11.12.2024) മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച ഷാപ്പുടമകൾ ലൈസൻസ് എടുത്തു എന്ന് ഉറപ്പുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 A മൊബൈൽ ടെലിഫോൺ ടവർ ഉടമകൾ വസ്തു നികുതി കുടിശ്ശിക അടവാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലിഫോൺ ടവറുകളുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ പോർട്ടൽ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ മൊബൈൽ ടവർ വസ്തുനികുതി അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവർ ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കേണ്ട കുടിശ്ശിക തുക ( ₹ ) |
|---|---|---|---|
| ചെന്നൈ നെറ്റ്വർക്ക് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 11/50/A | 2023 (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ) | 3033+3031= 6064/- |
| മാനേജർ, ബി. എസ്. എൻ. എൽ മൊബൈൽ ടവർ | 12/297/A | 2020 (രണ്ടാം അർദ്ധവർഷം) മുതൽ 2023 (രണ്ടാം അർദ്ധവർഷം) വരെ | 27445/- |
| ആകെ കുടിശ്ശിക തുക | | | **33,509/-** |

വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിനെതിരെ ആർ/ആർ നടപടി/കേസുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും തുടർനടപടി വിവരങ്ങളും അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം./തീയതി 8/09.12.2024) താഴെപ്പറയുന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്.

(I) ബി. എസ്. എൻ എൽ. 07/03/2024 തീയതിയിൽ 12104090089 എന്ന റെസിപ്റ്റ് പ്രകാരം ₹ 8985/- യും, 31.03.2024 തീയതിയിൽ 1230803954 എന്ന രസീത് പ്രകാരം ₹5990/- യും അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. ബാക്കി തുക ₹27445/- ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ (Req. No. 2022/4366/07,31.03.2022; Req. No. 2023/7999/07, 31.03.2023; Req. No. 2024/9607/07,31.03.2024) സ്വീകരിച്ചതായും അറിയിച്ചു.

(Ii) ചെന്നൈ നെറ്റ്വർക്ക് ഇൻഫ്രാസ്ട്രക്ചർ ലിമിററഡിൽ നിന്നും വസ്തുനികുതി അടവാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ആയത് പ്രകാരം നികുതി അടവാക്കിയിട്ടില്ലാത്തതിനാൽ റവന്യു റിക്കവറി നടപടികൾ (Req. No. 2024/9473/07, 31.03.2024) സ്വീകരിച്ചതായി അറിയിച്ചു.

ടി സ്ഥാപനങ്ങൾ നികുതി കുടിശ്ശിക അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 B വസ്തു നികുതി കുടിശ്ശിക അടവാക്കായിട്ടില്ല

സഞ്ചയ സോഫ്റ്റ്വെയറിയിൽ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ വസ്തു നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽ പെട്ടു.

| സ്ഥാപനത്തിന്റെ പേര് | വാർഡ് നം./കെട്ടിട നം. | കുടിശ്ശിക അടവാക്കാത്ത കാലയളവ് | കുടിശ്ശിക തുക (₹) |
|---|---|---|---|
| സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് | 5/150 | 2019 (രണ്ടാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ ) | 29671/- |
| സർവീസ് കോ ഓപ്പറേറ്റീവ് | 5/150/A | 2019 (രണ്ടാം അർദ്ധവർഷം | 32496/- |

| | | | |
|---|---|---|---|
| ബാങ്ക് | | മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ ) | |
| ആകെ | | | 62167/- |

കുടിശ്ശികയായതിന് കാരണവും, വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിനെതിരെ ആർ/ആർ നടപടി/കേസുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും തുടർനടപടി വിവരങ്ങളും അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം./തീയതി 15/11.12.2024) നൽകിയ മറുപടിയിൽ തിരുവനന്തപുരത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിൽ, 96/2019, 97/2019 എന്നീ റിവിഷൻ പെറ്റീഷനുകളിലായി നികുതി ചുമത്തിയതിനെതിരെ കേസ് നിലവിലുള്ളതിനാലാണ് ടി കെട്ടിടങ്ങളുടെ നികുതി ഈടാക്കാൻ സാധിക്കാത്തതെന്ന് അറിയിച്ചു.

## 1-14 മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകമുറികളിൽ ലൈസൻസ് എടുക്കാതെ കടകൾ പ്രവർത്തിക്കുന്നു.

2023-24 കാലയളവിലെ വാടകരജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്തിന്റെ വാടക കെട്ടിടങ്ങളിൽ കടമുറികൾ പ്രവർത്തിക്കുന്നതായി കണ്ടു. ചുവടെ ചേർത്തിരിക്കുന്ന വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കടയുടമകൾ ലൈസൻസ് എടുത്തതിന്റെ രേഖകളും, തൊഴിൽ നികുതി അടവാക്കിയ രേഖകളും ലഭ്യമല്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | വാടകക്കാരന്റെ പേര് | കടമുറി സ്ഥിതി ചെയ്യുന്നസ്ഥലം |
|---|---|---|---|
| 1. | VI/323 A | റെജി സുഭാഷ് ബാബു | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് |
| 2. | XI/81 | ചെറിയാൻ പി ജോസ് | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് |
| 3. | XI/83 | പീറ്റർ ജോർജ് | |
| 4. | XI/82 | ബാബു സി വി | |
| 5. | XI/79 | പി യു ജോയ് | |
| 6. | XI/71 | സദാനന്ദൻ | |
| 7. | XI/78, 70 | കെ ആർ വിജയൻ | |
| 8. | XI/68-B, C | സെക്രട്ടറി, എസ്.സി.ബി മുത്തോലപുരം | |
| 9. | XI/68-D, XI/76 | എ എൻ ശശി | |
| 10. | XI/80 | ബോബൻ അഗസ്റ്റിൻ | |
| 11. | XI/77 | ആശമോൾ കെ ആർ | |

ഇവർ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 23/12.12.2024) മറുപടി ലഭ്യമാക്കിയില്ല.

1996-ലെ കേരള പഞ്ചായത്തീ രാജ് സെക്ഷൻ 204 (Ii) ബി പ്രകാരം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തോ അതിന് പുറത്തോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യവസായങ്ങളും, ഫാക്ടറികളും, വ്യാപാരങ്ങളും, സംരംഭപ്രവർത്തനങ്ങളും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്നും വാടകയ്ക്കെടുത്തു പ്രവർത്തിക്കുന്ന കടമുറികളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയർ പോർട്ടലിൽ രേഖപ്പെടുത്താനും, വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുവാനും പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- തുക അക്കൗണ്ടിലേയ്ക്ക് എത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 41/24 |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | **14,00,000/-**<br>(വികസന ഫണ്ട്- ₹ 4,00,000/-<br>ബ്ലോക്ക് വിഹിതം- ₹ 5,00,000/-, |

| | |
|---|---|
| | ജില്ലാ പഞ്ചായത്ത് വിഹിതം-<br>₹ 5,00,000/-) |
| ചെലവ് | **₹ 10,00,000/-**<br>{1. വികസന ഫണ്ട്-<br>**₹ 4,00,000/- ;**<br>ബിൽ നം./തീയതി:<br>**₹ 67,905/- ;** 284/12.01.24<br>**₹ 3,32,095/-** ;339/08.02.24<br>2. ബ്ലോക്ക് വിഹിതം-<br>**₹ 4,00,000**/-,<br>ബിൽ നം./തീയതി;<br>439/24.03.2024<br>3. ജില്ലാ പഞ്ചായത്ത് വിഹിതം- ₹ **2,00,000**/-<br>ബിൽ നം./തീയതി;<br>**₹ 97,972 /- ;** 339/08.02.24<br>**₹ 1,02,028**/-; 299/27.01.24} |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | ഡയറി ഫാം ഇൻസ്ട്രക്ടർ |

ടി പ്രോജക്ട് പ്രകാരം 2023 ഏപ്രിൽ മുതൽ 2023 നവംബർ വരെ ജോസ്സ്ഗിരി, മടുക്ക, കുളങ്ങരപ്പടി, മുത്തോലപുരം, ഇലഞ്ഞി, പെരുമ്പടവം, പാലച്ചുവട് എന്നീ ക്ഷീര സഹകരണ സംഘങ്ങളിലെ ക്ഷീര കർഷകർക്ക് പാലളവിന് അനുസൃതമായി സബ്സിഡി നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സാംഖ്യ സ്റ്റേറ്റ്മെന്റ്(DELIVERED STATUS) പ്രകാരം താഴെ പറയുന്ന ഗുണഭോക്താവിന് ലഭിക്കേണ്ടിയിരുന്ന തുകയുടെ സ്റ്റാറ്റസ് "Return To Government Account" എന്നാണ്.

| ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ / ഐ. എഫ്. എസ്. സി.കോഡ് | ബിൽ റഫറൻസ് നമ്പർ, ബിൽ നമ്പർ/തീയതി |
|---|---|
| 357802010013476/ UBIN0535788 | 2312065209950106571 1, 284/12.01.24 |

ടി ഗുണഭോക്താവിന്റെ പേരും, ലഭിക്കേണ്ട തുകയും, തുക അക്കൗണ്ടിലേയ്ക്ക് വരാത്തതിന്റെ കാരണവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 5/06.12.2024) കിട്ടിയ മറുപടിയിൽ തുക അക്കൗണ്ടിലേക്ക് എത്താത്തത് ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ സാംഖ്യയിൽ കൊടുത്തപ്പോഴുണ്ടായ മാനുഷിക പിഴവ് മൂലമാണെന്നും അറിയിച്ചു. ട്രഷറിയിൽ ബിൽ പാസ്സാക്കുകയും പേര്, ഐ.എഫ്.എസ്.സി. അക്കൗണ്ട് നമ്പർ എന്നിവയിലെ തെറ്റ് കാരണം തുക ലഭിക്കാതിരിക്കുകയും ചെയ്താൽ തിരുത്തുന്നതിനുള്ള സ്ക്രീൻ സാംഖ്യ വെബ്ബിൽ ലഭ്യമാണ്. നിർവ്വഹണോദ്യോഗസ്ഥൻ, ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ച് എല്ലാ ഗുണഭോക്താക്കൾക്കും തുക ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അർഹമായ ആനുകൂല്യം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഇതിന്റെ അനന്തരനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ. വിഹിതം അടവാക്കിയത് -വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയില്ല

1)

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.45/24 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.കെ വിഹിതം അടവാക്കൽ |
| അടങ്കൽ | 100000/-(വികസന ഫണ്ട്) |
| ചെലവ് | 100000/-<br>ബിൽ നം.151/13.10.23 |

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.46/24 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.കെ വിഹിതം അടവാക്കൽ(എ).സി) |
| അടങ്കൽ | 50000/-(എസ്.സി.പി) |
| ചെലവ് | 50000/-<br>ബിൽ നം.249/19.12.23 |

മേൽ വിവരിച്ച രണ്ട് പ്രോജക്ടുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ എസ്.എസ്.കെ വിഹിതമിനത്തിൽ ഹെഡ്മാസ്റ്റർ, ഗവ എൽ.പി സ്കൂൾ ഇലഞ്ഞി, 150000/- അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ്

മേൽ പ്രകാരം കൈമാറിയ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയതെന്നു കാണിക്കുന്ന വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ. യിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.18/11.12.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 150000/-(100000+50000) രൂപയുടെ ചെലവ് തടസ്സത്തിൽ വയ്കുന്നു.

**1-17 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ: 1,28,087/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല**

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണദ്യോഗസ്ഥയായ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്നാ പ്രൊജക്റ്റ് (പ്രൊജക്റ്റ് നം. **54/24**) പ്രകാരം ആകെ **2,00,000/-** രൂപ ചെലവഴിച്ചെങ്കിലും **71,913** രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളു.
വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| പ്രോജെക്ടിന്റെ പേര്, നമ്പർ | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ, 54/24 |
| നിർവഹണ ഉദ്യോഗസ്ഥ (ൻ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ തുക/ ഫണ്ട് | ₹2,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡിതരം), |
| ചെലവ് തുക, ഓർഡർ നം./തീയതി | ₹2,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡിതരം), 114/12.09.2023 |
| ഇതുവരെ ലഭിച്ച മരുന്നുകളുടെ തുക, ഇൻവോയ്സ് നം./തീയതി | **₹ 71,913/-**, LF-2887/08.02.24 |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക | **₹ 1,28,087/-** |

ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനായുള്ള തുടർനടപടികളെക്കുറിച്ചന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം 9/07.12.2024 നു നൽകിയ മറുപടിയിൽ, ബാക്കി തുകയായ ₹1,28,087/- യുടെ മരുന്നുകൾ അടിയന്തിരമായി എത്തിക്കുന്നതിന് ഹോംകോയിലേയ്ക്ക് നം. 37/23-24/ghdel, 10.12.24 പ്രകാരം കത്ത് നൽകിയതായി അറിയിച്ചു. മരുന്നുകൾ ഹോംകോയുടെ മുൻഗണന പട്ടിക പ്രകാരമാണ് നൽകുന്നതെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ ₹1,28,087/- തടസ്സപ്പെടുത്തുന്നു.

**1-18 സാമൂഹ്യസുരക്ഷാ പെൻഷൻ - അനർഹരെ ഒഴിവാക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം, മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത തുകകൾ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് മരണപ്പെട്ട പെൻഷണറുടെ അവകാശികൾ/ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ആയത് പ്രകാരം തുക അടവാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം.6/6.12.2024) ആവശ്യപ്പെട്ടതിന് പ്രസ്തുത തുകകൾ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് എസ്.ബി.ഐ., ഫെഡറൽ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയ്ക്ക് കത്ത് നൽകിയതായാണ് മറുപടിയിൽ അറിയിച്ചത്. ഇതിന്റെ തുടർ നടപടികൾ പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. മരണപ്പെടുന്നവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച സർക്കുലർ നമ്പർ

63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രീ. ജോസഫ് പത്രോസ്, അരഞ്ഞാണിയിൽ, ആലപുരം, ഇലഞ്ഞി പി.ഒ. എന്ന വ്യക്തി 22.11.2023ൽ ആർപ്പൂക്കര (കോട്ടയം) ഗ്രാമ പഞ്ചായത്തിൽ മരണപ്പെട്ടിട്ടുള്ളതായി (12.12.23ലെ മരണസർട്ടിഫിക്കറ്റ്) കാണുന്നു. ഇലഞ്ഞി ഗ്രാമ പഞ്ചായത്തിലെ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായ ഇദ്ദേഹത്തിന്റെ മരണ വിവരം സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 പ്രകാരം ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിൽ നിന്നും അറിയിച്ചിരുന്നോ എന്നും ആയതിൽ ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിരുന്നോ എന്നുമുള്ള വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം.6/6.12.2024) ആവശ്യപ്പെട്ടതിന് ഇതു സംബന്ധിച്ച് ഫെഡറൽ ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. (കത്ത് നമ്പർ 400645/SADC01/GPO/2024/3972/(1) തീയതി 09.12.24). ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ബാങ്കിനു നൽകിയ മേൽ കത്ത് പ്രകാരം 16,000/- തിരികെ അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. തുക തിരികെ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3. 2023-24 കാലയളവിൽ ഇലഞ്ഞി ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണവിവരങ്ങളിൽ, മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉണ്ടായിരുന്നോ എന്നും അവയുടെ വിവരങ്ങൾ മേൽ സർക്കുലർ പ്രകാരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ അറിയിച്ചിരുന്നോ എന്നത് ഓഡിറ്റ് എൻക്വയറി മുഖാന്തിരം അന്വേഷിച്ചതിന് (നം.6/6.12.2024) ഇനി മുതൽ സമയപരിധിക്കുള്ളിൽ അറിയിക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4. ഗ്രാമ പഞ്ചായത്തിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ (പ്രധാനമായും ഡിസെബിലിറ്റി പെൻഷൻ) കൈപ്പറ്റുന്നവരിൽ സർക്കാർ ഉദ്യോഗം നേടിയവർ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന വിവരം രേഖകൾ സഹിതം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം.6/6.12.2024) ആവശ്യപ്പെട്ടതിന് സർക്കാർ ഉദ്യോഗം നേടിയവർ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം വാങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണവിവരം രജിസ്റ്റർ ചെയ്യപ്പെടുന്നതോടൊപ്പം തന്നെ പെൻഷൻ സസ്പെന്റാകുന്ന വിധത്തിൽ സോഫ്റ്റ്‌വെയർ ക്രമീകരണം നടപ്പിലാക്കുന്നതിനായി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

**1-19 മരുന്നു വാങ്ങിയപ്പോൾ സർക്കാർ നിർദേശം പാലിച്ചിട്ടില്ല**

2023-24 വർഷത്തിൽ മരുന്നു വാങ്ങിയപ്പോൾ സർക്കാർ നിർദേശം പാലിച്ചിട്ടില്ലാത്താതായി കാണുന്നു. വിശദവിവരം ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 38/24 |
| പ്രോജക്റ്റിന്റെ പേര് | ഇലഞ്ഞി എഫ്.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹4,00,000.00 (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ചെലവ് | ₹4,00,000.00 (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ബിൽ നമ്പർ/തീയതി, തുക | 101/22.08.23 ₹1,21,214/-<br>49/04.07.23₹84,576/-<br>53/10.07.23₹99,015/-<br>69/31.07.23₹95,195/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്. |

| | |
|---|---|
| | എച്ച്. സി. |

ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സി-യിലേക്ക് 2023-24 വർഷത്തിൽ ₹4,00,000/- ന്റെ മരുന്നാണ് വാങ്ങിയിട്ടുള്ളത്. മരുന്നുകൾ എല്ലാം ജൻ ഔഷധി മെഡിക്കൽ സ്റ്റോർ, മുളന്തുരുത്തിയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. പ്രൊജക്ട് നടപ്പാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം. 115/2022 തസ്വഭവ തീയതി 28.05.2022 നമ്പർ ഉത്തരവിലെ ഖണ്ഡിക നമ്പർ 7.6.4(1)(i) -ൽ അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്നും KMSCL-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോ, കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്നും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സർക്കുലർ നമ്പർ ഡിഎ1/363/2023 തസ്വഭവ തീയതി 25.10.2023-ൽ ഇപ്പോൾ കെ എം എസ് സി എൽ-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം ഉണ്ടാകാറില്ലെന്നും ഇവിടെ നിന്ന് വളരെ വില കുറച്ച് മരുന്ന് ലഭിക്കുമെന്നത് പ്രയോജനപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അത്യാവശ്യ ഘട്ടത്തിൽ മാത്രമേ മുകളിൽ പറഞ്ഞ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെയാണ് പ്രസ്തുത മരുന്ന് വാങ്ങൽ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. KMSCL-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം നേരിട്ടതായി ഫയലിൽ രേഖകൾ ഇല്ല.
2) ജൻ ഔഷധി മെഡിക്കൽ സ്റ്റോർ, മുളന്തുരുത്തിയിൽ നിന്ന് മരുന്ന് വാങ്ങിയതിന് ക്വട്ടേഷൻ നടപടി സ്വീകരിക്കുകയോ, വില താരതമ്യം നടത്തുകയോ ചെയ്തിട്ടില്ല.
മരുന്ന് വാങ്ങൽ നടപടിക്രമങ്ങളിൽ സർക്കാർ ഉത്തരവ് പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/09.12.24) ലഭ്യമാക്കിയ മറുപടിയിൽ "പഞ്ചായത്ത് പ്രൊജക്ട് വഴിയുള്ള വാങ്ങലുകൾക്ക് KMSCL മരുന്ന് സപ്ലൈ ചെയ്യുവാൻ തയ്യാറല്ല" എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ KMSCL ഇപ്രകാരം അറിയിച്ചതിന്റെ രേഖകൾ ഒന്നും തന്നെ മെഡിക്കൽ ഓഫീസർ മറുപടിയോടൊപ്പം ഹാജരാക്കിയില്ല. ആയതിനാൽ ടി മറുപടിയും മരുന്ന് ലഭിക്കാൻ കാലതാമസം നേരിടുന്നു എന്നതും ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർക്കുലർ നമ്പർ ഡിഎ1/363/2023 തസ്വഭവ തീയതി 25.10.2023-ൽ ഇപ്പോൾ കെ എം എസ് സി എൽ-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം ഉണ്ടാകാറില്ലെന്നും ഇവിടെ നിന്ന് വളരെ വില കുറച്ച് മരുന്ന് ലഭിക്കുമെന്നത് പ്രയോജനപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മരുന്നു വാങ്ങലിൽ ടി സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-20 സമഗ്ര പുരയിട കൃഷി-തുക വിതരണം ചെയ്ത രേഖകളിലുള്ള അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.₹5,37,500/- തടസ്സപ്പെടുത്തുന്നു.

പുരയിടത്തിലെ ജാതി, വാഴ തുടങ്ങിയ കൃഷികൾക്കായി വളം വാങ്ങിയ ഇനത്തിൽ സബ്സിഡി നൽകി കർഷകരെ സഹായിക്കുന്നതിനായാണ് പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. ആയതിന്റെ പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
ചെലവിന്റെ വിശദവിവരം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 1/24 |
| പ്രൊജക്ടിന്റെ പേര് | സമഗ്ര പുരയിട കൃഷി |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ<br>ആകെ ₹10,37,500/- | ₹5,37,500/- (വികസനഫണ്ട് ജനറൽ)<br>₹5,00,000/- (മറ്റുള്ളവ) |
| ചെലവ് | ₹10,37,500/- |
| ബിൽ നം. തീയതി, തുക | 171/28.10.23, ₹71840/-<br>172/28.10.23, ₹82365/-<br>176/30.10.23, ₹88870/-<br>186/07.11.23, ₹26165/-<br>188/07.11.23, ₹73561/-<br>192/08.11.23, ₹95330/-<br>209/20.11.23, ₹50969/-<br>255/22.12.23, ₹46605/-<br>257/29.12.23, ₹1795/- |

ആനുകൂല്യത്തുക എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമായിട്ടുണ്ടോ എന്ന വിവരം പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ചില ബില്ലുകളുടെ റിപ്പോർട്ടിൽ ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്താതെയാണ് സ്റ്റാറ്റസ് കാണുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ തുക (₹) | ബിൽ ID | പേരില്ലാത്ത A/c No. / IFSC | സ്റ്റാറ്റസ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 71840/- | 23120652099100711921 | 10582845859/ SBIN0008651 | ഡെലിവേഡ് | സ്റ്റാറ്റസ് റിപ്പോർട്ടിൽ 40ഗുണഭോക്താക്കളിൽ 3 എണ്ണത്തിൽ പേര് വന്നിട്ടില്ല, ട്രാൻസ്ഫർ ചെയ്ത തുകകളുടെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ കാണാൻ കഴിയുകയില്ല. |
| 2 | ” | ” | 67270790057/ SBIN0008651 | ” | ” |
| 3 | ” | ” | 357802010014390/ UBIN0535788 | ” | ” |
| 4 | 82365/- | 23120652099100711923 | 40608101008249/ KLGB0040608 | ” | 57ഗുണഭോക്താക്കളിൽ 2എണ്ണത്തിൽ പേരില്ല |
| 5 | ” | ” | 10582841763/ SBIN0018077 | ” | ” |
| 6 | 88870/- | 23120652099100729974 | 12880100031997/ FDRL0001288 | ” | 50ഗുണഭോക്താക്കളിൽ 3എണ്ണത്തിൽ പേരില്ല |
| 7 | ” | ” | 357802010008462/ UBIN0535788 | ” | ” |
| 8 | ” | ” | 20065942175/ SBIN0008651 | ” | ” |
| 9 | 26165/- | 23120652099100749292 | - | ” | അപാകതകളില്ല 17 ഗുണഭോക്താക്കളുടെയും പേരുകൾ വന്നിട്ടുണ്ട് |
| 10 | 73561/- | 23120652099100749308 | 357802010008308/ UBIN0535788 | ” | 39ഗുണഭോക്താക്കളിൽ 1എണ്ണത്തിൽ പേരില്ല |
| 11 | 95330/- | 23120652099100762931 | - | ” | അപാകതകളില്ല , 47 ഗുണഭോക്താക്കളുടെയും പേരുകൾ വന്നിട്ടുണ്ട് |
| 12 | 50969/- | 23120652099100817157 | 12880100026971 / FDRL0001288 | ” | 31 ഗുണഭോക്താക്കളിൽ 2എണ്ണത്തിൽ പേരില്ല |
| 13 | ” | ” | 357802120000259/ UBIN0535788 | ” | ” |
| 13 | 46605/- | 23120652099100972334 | - | ” | അപാകതകളില്ല, 24ഗുണഭോക്താക്കളുടെയും പേരുകൾ വന്നിട്ടുണ്ട് |
| 14 | 1795/- | 23120652099101001013 | - | ” | അപാകതകളില്ല , 2ഗുണഭോക്താക്കളുടെയും പേരുകൾ വന്നിട്ടുണ്ട് |

1) ഡെലിവറി സ്റ്റാറ്റസിൽ ഗുണഭോക്താക്കളുടെ പേരുകൾ വരാത്തതിനാൽ ആനുകൂല്യത്തുക ആർക്കാണ് ലഭിച്ചിരിക്കുന്നതെന്ന വിവരം പരിശോധിക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ മേൽ അക്കൗണ്ട് നമ്പരുകൾ പ്രകാരം ക്രഡിറ്റ് ആയിരിക്കുന്ന തുകകൾ എത്രയെന്നും അവ ആർക്കാണ് ലഭിച്ചിരിക്കുന്നതെന്നും ആയത് തെളിയിക്കുന്ന രേഖകളും (ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് പാസ് ബുക്ക് വിവരങ്ങളും) ലഭ്യമാക്കേണ്ടതാണ്.

2) പ്രൊജക്ട് പ്രകാരം ഓരോ ഗുണഭോക്താവിനും അനുവദിച്ച ആകെ തുകയുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്, ആയത് പ്രകാരമുള്ള “ഡെലിവറി സ്റ്റാറ്റസ്” കോപ്പി എന്നിവ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥൻ ഇവ താരതമ്യം ചെയ്ത് ഓരോ ഗുണഭോക്താവിനും അനുവദിച്ചതും ഓരോരുത്തർക്കും ക്രഡിറ്റ് ആയതും ഒരേ തുകയാണെന്ന് ഉറപ്പുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) ഡെലിവറി സ്റ്റാറ്റസിലെ മേൽ അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്നും ആയത് ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നോ എന്നുമുള്ള വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. സോഫ്റ്റ് വെയർ അപാകത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ച് ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/ 11.12.24) ലഭ്യമാക്കിയ മറുപടിയിൽ ബാങ്കിന്റെ IFSCകോഡ് മാറിയതുമൂലവും അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ പിശക് മൂലവും ക്രെഡിറ്റ് ചെയ്യതെ തിരികെ വന്ന സബ്സിഡി തുകകൾ യഥാസമയം പരിശോധിച്ച്

ഗുണഭോക്താക്കളുടെ അക്കൗണ്ടലേക്ക് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് പരിശോധിച്ചതിൽ ക്രമ നം. രണ്ടിലെ അക്കൗണ്ട് നമ്പർ 67270790057/SBIN0008651 മാത്രമേ UTR Statement ഉൾപ്പെടുന്ന ബിൽ റിപ്പോർട്ടുമായി മാച്ച് ചെയ്യുന്നുള്ളു. മറ്റുള്ളവ സെർച്ച് ചെയ്യുമ്പോൾ "No Matching Records Found" എന്നാണ് കാണുന്നത്. ആയതിനാൽ ആയവ ഗുണഭോക്താവിന് ലഭ്യമായി എന്ന് ഉറപ്പിക്കാനാകില്ല. തുകകൾ ലഭ്യമാക്കിയിരിക്കുന്ന അക്കൗണ്ട് നമ്പരുകൾ സബ്സിഡിക്ക് അർഹതയുള്ള ഗുണഭോക്താവിന്റേത് ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക ₹5,37,500/- തടസ്സപ്പെടുത്തുന്നു.
ഭാവിയിൽ നിർവഹണ ഉദ്യോഗസ്ഥൻ, ഓരോ ഗുണഭോക്താവിനും അനുവദിച്ച തുകയും ഓരോരുത്തർക്കും ക്രഡിറ്റ് ആയ തുകയും തമ്മിൽ പൊരുത്തപ്പെടുന്ന വിധത്തിൽ പ്രൊജക്ട് ഫയലിൽ രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. അതായത് എല്ലാവരുടെയും പേര് വിവരങ്ങൾ ഉൾപ്പെട്ട ഡെലിവറി സ്റ്റാറ്റസ് റിപ്പോർട്ടും ആയതിന് അടിസ്ഥാനമായ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റും ഓഡിറ്റിനായി ഹാജരാക്കുന്ന ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-21 അർഹതപ്പെട്ടവർക്ക് ചികിത്സാ സഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ പരാതി രജിസ്റ്റർ പേജ് നമ്പർ 41, തീയതി 13.12.24 പ്രകാരം രണ്ടാം വാർഡിൽ ജോജി കെ. ജോൺ എന്ന കിഡ്നി രോഗിക്ക് പ്രൊജക്ട് പ്രകാരമുള്ള ചികിത്സാ സഹായം ബന്ധപ്പെട്ട പി.എച്ച്.സി നിഷേധിച്ചതായി കാണുന്നു. ഇതു അന്വേഷിച്ച് മറുപടി ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കിക്ക് (നം.26/13.12.24) മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് അന്വേഷിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അർഹതപ്പെട്ടവർക്കെല്ലാം പ്രൊജക്ട് പ്രകാരമുള്ള ചികിത്സാ സഹായം ലഭ്യമാകുന്നുണ്ടന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. ആരാഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-22 ദുരിതാശ്വാസ നിധി-പ്രവർത്തനക്ഷമമല്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് (അക്കൗണ്ട് നം. 3106500000,മുത്തോലപുരം കോ-ഓപ്പറേറ്റീവ് ബാങ്ക്). പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത്നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ ധനസഹായം ഒന്നും നൽകിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ₹6412/- മുന്നിരിപ്പും ₹30318/- വരവും (പലിശ ഉൾപ്പെടെ) ₹36730/-നീക്കിയിരുപ്പും ഉണ്ട്.

പഞ്ചായത്തിൽ പല കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച ഫണ്ട് നിലവിൽ ആർക്കും യാതൊരുവിധ പ്രയോജനവുമില്ലാതെ നിഷ്ക്രിയമായിത്തുടരുന്നത് ആശാസ്യമല്ല. ധനശേഖരണാർത്ഥമുള്ള കലാ-കായിക–വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനംസ്വരൂപിക്കാവുന്നതാണ്. ഈ നിധിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിലോ അടിയന്തിരഘട്ടങ്ങളിൽ അപേക്ഷ ഇല്ലാതെ തന്നെയോ ധനസഹായം നൽകാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

## 1-23 ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 15/24, ഐ.കെ.എം വിഹിതം നല്കൽ |
| അടങ്കൽ | 45000/- (വികസന ഫണ്ട്.) |
| ചെലവ് | 45000/-, 214/29-11-23 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം ഐ.കെ.എം ന് 45000/- രൂപ നല്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-24 വൃക്കരോഗികൾക്ക് ഡയാലിസിസ് - എല്ലാ രോഗികൾക്കും തുക കിട്ടിയെന്ന് ഉറപ്പാക്കിയില്ല ₹15000/-തടസ്സം**

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ) നം. 115/2022/LSGD Dt. 28.05.2022 ലെ 7.6.7 ൽ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. ഇതിൽ ചേർത്തിരിക്കുന്നത് ഖണ്ഡിക 2.15(1), 2.15(2) എന്നിവയിലെ വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകാവുന്നതാണ്. ഇപ്രകാരം കൈമാറുന്ന തുക ഗുണഭോക്താവായ രോഗിക്ക് തിരികെ ലഭിക്കേണ്ടതാണ്.

ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം എന്ന പ്രൊജക്ട് പ്രകാരം, രോഗികൾക്ക് തിരികെ നൽകുന്നതിനായാണ് ₹54,000/- ഡയാലിസിസ് നടത്തിയ ഹോസ്പിറ്റലുകളിലേക്ക് കൈമാറിയിരിക്കുന്നത്. ട്രഷറി ബില്ലുകളോടൊപ്പമുള്ള മെഡിക്കൽ ഓഫീസറുടെ നടപടിക്രമത്തിൽ, രോഗികളുടെ പേരു വിവരം, തുക എന്നിവ ചേർക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ആശുപത്രിയികളിലേക്ക് വിവധ ട്രഷറി ബില്ലുകൾ പ്രകാരം നൽകുന്ന തുകകൾ ഏതു ഗുണഭോക്താവിനു വേണ്ടിയാണ് എന്ന വിവരം ഓഡിറ്റിന് പരിശോധിക്കുവാൻ സാധിക്കുകയില്ല. ഭാവിയിൽ മെഡിക്കൽ ഓഫീസറുടെ നടപടിക്രമത്തിൽ രോഗികളുടെ പേരു വിവരം, തുക എന്നിവ ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 32/24 |
| പ്രൊജക്ടിന്റെ പേര് | കാരുണ്യസ്പർശം - ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| അടങ്കൽ<br>₹ 6,72,000/- | ₹54,000/- (Dev.gen.<br>₹4,50,000/- (Own F.)<br>₹1,68,000/- (DP) |
| ചെലവ്- ബിൽ നം. /തീ. / തുക<br>ആകെ ₹54,000/- (Dev.gen. | 321/06.02.24 ₹12000/-<br>322/06.02.24 ₹15000/-<br>323/06.02.24 ₹6000/-<br>324/06.02.24 ₹18000/-<br>402/20.03.24 ₹3000/- |

അഞ്ച് ട്രഷറി ബില്ലുകളിലായി ₹54,000/- രൂപ താഴെ ചേർക്കും പ്രകാരം ആശുപത്രികളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമായിട്ടുണ്ട്.

| ക്രമ നം | ബിൽ നം. /തീ. / തുക | MOSC, Medical Mission Hospital, Kolenchery, A/c No. 10110200010259 | MUM Hospital A/c No. 076205300000002 |
|---|---|---|---|
| 1. | 321/06.02.24 ₹12000/- | 6000/- | 6000/- |
| 2. | 322/06.02.24 ₹15000/- | 9000/- | 6000/- |
| 3 | 323/06.02.24 ₹6000/- | 6000/- | - |
| 4 | 324/06.02.24 ₹18000/- | 18000/- | - |
| 5 | 402/20.03.24 ₹3000/- | 3,000/- | - |

മേൽപ്പറഞ്ഞ പ്രകാരം കൈമാറിയതിൽ MOSC, Medical Mission Hospital, Kolenchery യിൽ നിന്ന് പേഷ്യന്റ് അക്കൗണ്ടുകളിലേക്ക് കൈമാറിയ 39,000/- രൂപയുടെ വിവരങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്. ആയതിന്റെ വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം. | പേര് , A/c No. | തുക |
|---|---|---|

| | | |
|---|---|---|
| 1 | തോമസ് പി.വി., 2857101003874 | 12000/- |
| 2 | ജോസ് മാത്യു , 12880100003095 | 3000/- |
| 3 | മിനി രാജു, 12880100087239 | 24000/- |
| | ആകെ | 39,000/- |

ബാക്കി 15000/- രൂപ, പേഷ്യന്റ് അക്കൗണ്ടുകളിലേക്ക് കൈമാറിയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/06.12.24) മറുപടി ലഭ്യമാക്കിയില്ല.

പേഷ്യന്റ് അക്കൗണ്ടുകളിലേക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതുവരെ 15,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ലൈഫ് ഭവന നിർമ്മാണം - ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

ലൈഫ് ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റുകയും കരാർ വ്യവസ്ഥ പ്രകാരം നിർമ്മാണം നടത്താതിരിക്കുകയും ചെയ്ത 4 ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു (പ്രൊജക്ട് നം. 109/24 ൽ 3 പേർ, പ്രൊജക്ട് നം. 111/24 ൽ ഒരാൾ).

1. പ്രൊജക്ട് നം. 109/24 ന്റെ വിശദവിവരങ്ങൾ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 109/24 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2020 ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ<br>ആകെ ₹3,00,00,000/- | ₹ 21,05,281/-(വികസനഫണ്ട് ജനറൽ)<br>₹ 1,40,000/- (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹75,00,000/-സംസ്ഥാനാവിഷ്കത ഫണ്ട്<br>22,00,000/-(Block Share)<br>14,66,719/-( DP)<br>1,65,88,000/-(മറ്റുള്ളവ) |
| ചെലവ് ₹86,60,000/- | ₹13,05,281/-(വികസനഫണ്ട് ജനറൽ)<br>₹1,40,000/- (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹28,00,000/-സംസ്ഥാനാവിഷ്കത ഫണ്ട്<br>Nil (Block Share)<br>₹4,00,000/-( DP)<br>₹40,14,719/-(മറ്റുള്ളവ) |
| ബിൽ നം. തീയതി, തുക(ഭവനനിർമ്മാണം നടത്താത്തത് മാത്രം) | 140/29.09.23 16,00,000/-Development Fund - General |

ഭവന നിർമ്മാണം നടത്താതിരിക്കുന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, ആധാർ നം. | ഗഡു നം | അക്കൗണ്ട് നം. | തുക |
|---|---|---|---|---|
| 1 | ശ്രീമതി ജോസീന ജോസ് -692054648257 | ഒന്നാം ഗഡു | 67164203122 | 40,000/- |
| 2 | ശ്രീമതി മോളി പോൾ -292755443864 | ” | 31015509261 | ” |
| 3 | ശ്രീമതി രാജമ്മ- 777235625854 | ” | 34567431655 | ” |
| | ആകെ | | | 1,20,000/- |

2. പ്രൊജക്ട് നം. 111/24 ന്റെ വിശദവിവരങ്ങൾ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 111/24 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2020 എസ്. സി. |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ<br>ആകെ ₹44,00,000/- | ₹2,84,863/-(വികസനഫണ്ട് ജനറൽ)<br>₹3,94,530/- (SCP)<br>₹8,00,000/-സംസ്ഥാനാവിഷ്കത ഫണ്ട്<br>₹75,607/-(Block Share)<br>₹455000/-( DP)<br>₹17,60,000/-(മറ്റുള്ളവ) |
| ചെലവ്₹15,40,000/- | ₹45,470/-(വികസനഫണ്ട് ജനറൽ)<br>₹3,94,530/- (SCP) |

| | |
|---|---|
| | ₹4,00,000/-സംസ്ഥാനാവിഷ്കത ഫണ്ട്<br>₹3,60,000/-(Block Share)<br>₹1,20,000/-( DP)<br>₹2,20,000/-(മറ്റുള്ളവ) |
| ബിൽ നം. തീയതി, തുക ( ഭവനനിർമ്മാണം നടത്താത്തത് മാത്രം) | 61/21.07.23/80,000/- ( DP) |

നിർമ്മാണം നടത്താതിരിക്കുന്നവരുടെ വിവരങ്ങൾ ചേർക്കുന്നു.

| പേര്, ആധാർ നം. | ഗഡു നം | അക്കൗണ്ട് നം. | തുക |
|---|---|---|---|
| ശ്രീ.ശിവൻ കെ.സി., 929462751855 | ഒന്നാം ഗഡു | 357802010016223 | 40,000/- |

പ്രൊജക്ടിനായി തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം നടത്താതിരിക്കുന്ന മേൽ ഗുണഭോക്താക്കൾക്ക് ഇതു സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നും തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കരാറിലെ ഏഴാം നമ്പർ വ്യവസ്ഥ പ്രകാരം 12% പലിശയോടെ ധനസഹായ തുക മുഴുവൻ തിരിച്ചടച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/13.12.24) മറുപടി ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം. 109/24 ൽ നിർമ്മാണം ആരംഭിക്കാത്തതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്, റീറ്റെയ്നിഗ് വാൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടാണെന്ന് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചത് എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് വളരെ നല്ല പ്രതികരണമാണുണ്ടായത്. സ്പോൺസർഷിപ്പിലൂടെയോ മറ്റോ തുക കണ്ടെത്തുന്നതിന് കമ്മിറ്റി അംഗങ്ങൾ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ആയത് പ്രകാരം പിൻബലം നൽകിയാൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം തറ നിർമ്മാണം ആരംഭിക്കാതിരിക്കുന്നവർക്ക് തുടർ നിർമ്മാണത്തിന് സാധ്യത തെളിയും എന്ന വിവരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഓർമ്മപ്പെടുത്തുന്നു.

**1-26 എ.ബി.സി. പ്രോഗ്രാമിനുവേണ്ടി പാമ്പാക്കുട ബ്ളോക്ക് പഞ്ചായത്തിന് തുക കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

എബിസി പ്രോഗ്രാമിനുവേണ്ടി മുളന്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 1) 151/24<br>2) 215/24 |
| പ്രോജക്ടിന്റെ പേര് | എബിസി പ്രോഗ്രാമിനുവേണ്ടിബ്ളോക്ക് പഞ്ചായത്തിന് തുക കൈമാറൽ |
| അടങ്കൽ | 1)104545/-(വികസന ഫണ്ട് ജനറൽ)<br>2)75000/-(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1) 104545/-<br>2)75000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ സൂചിപ്പിച്ചിരിക്കുന്ന 2 പ്രോജക്ടുകൾ പ്രകാരം മുളന്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന് 179545/-രൂപ(104545+75000) എബിസി പ്രോഗ്രാമിനുവേണ്ടി ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/6-12-24) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി മുളന്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-27 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-പൂർത്തീകരിച്ചിട്ടില്ല.**

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി 142900/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 194/24, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹222400 (ധന.ക.ഗ്രാന്റ്) |
| ചെലവ് | ₹142900/- |

| | |
|---|---|
| | വൗച്ചർ നം.XVFC 23-24/p/41-26-3-24. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് സർവ്വീസ് ചാർജ് ഇനത്തിൽ 135700/- രൂപയും SMS തുക ഇനത്തിൽ 7200/- രൂപയും ക്യൂആർ കോഡ് സേവനങ്ങൾക്കായി 12000/- രൂപയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ തൻവർഷം ആകെ ₹142900/- നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.16/11-12-24) ലഭ്യമാക്കിയ മറുപടിയിൽ ലാപ്ടോപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്നും എന്നും, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കിയിട്ടില്ല എന്നും അറിയിച്ചു. കൂടാതെ ട്രെയിനിംഗ്, സർവേ നടപടികൾ, എന്നിവ പൂർത്തിയായി എന്നും, 75% വീടുകളിൽ QR കോഡ് സ്ഥാപിക്കൽ പൂർത്തീകരിച്ചുവെന്നും അറിയിച്ചു. ഹരിതകർമ്മ സേന പ്രവർത്തകർ മാലിന്യശേഖരണം നടത്തുന്നതിന്റെ വാർഡ്തല നിരീക്ഷണം, ഓൺലൈൻ ഡേറ്റ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടോയെന്നും അറിയിക്കേണ്ടതാണ്. വാർഡ് തല മോണിട്ടറിംഗ് കൃത്യമായി നടത്തി പ്രായോഗിക ബുദ്ധിമുട്ടുകളും മറ്റ് അപാകതകളും പരിഹരിക്കേണ്ടതും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

**1-28 കാലിവീപ്പയുടെ വില ഒടുക്കിയത് സംബന്ധിച്ച്**

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തീക വർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ്ബിറ്റുമിൻ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിയ്ക്കപ്പെടുന്നത് അതേ ഫണ്ടിലേയ്ക്ക് തന്നെയാണ് തിരിച്ചടയ്ക്കേണ്ടതും.ആയതിനാൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ടാർ വാങ്ങിയ മെയിന്റനൻസ് റോഡ് ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. ജി.എസ്.ടി. പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ബാരൽ വില ബില്ലിൽ കുറവ് ചെയ്തത് | ജി.എസ്.ടി(18%) | ചെലവ് വിവരം തുക, ബിൽ നം./തീയതി |
|---|---|---|---|---|
| S0159/23-24 അന്ത്യാൽ കളങ്ങപ്പടി റോഡ്-മെയിന്റനൻസ് | മെയിന്റനൻസ് (റോഡ്) | 4522 | 814 | 469307/- 63/25.07.2023 |
| S0162/23-24 പറുദീസ വോളശ്ശത്താഴം കനാൽ റോഡ്-ടാറിംഗ് | മെയിന്റനൻസ് (റോഡ്) | 2618 | 472 | 469307/- 43/26.06.2023 |
| S0170/23-24 പെരുമ്പടവം പാൽ സൊസൈറ്റി റോഡ്-മെയിന്റനൻസ് | മെയിന്റനൻസ് (റോഡ്) | 2368 | 520 | 211399/- 420/23.03.2024 |

മേൽ അപാകതയ്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.19/11/12/24 നൽകിയതിനുള്ള മറുപടിയിൽ തുക സെക്രട്ടറിക്ക് നൽകിയതായി അറിയിച്ചിട്ടുണ്ടെങ്കിലും അടവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ടാർ വാങ്ങിയ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്നും, ജി.എസ്.ടി. പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തണമെന്നും നിർദ്ദേശിക്കുന്നു.

**1-29 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം**

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ ചേർക്കുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള ഫൈൻ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, പ്രവൃത്തി പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. മേൽസാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാന്വൽ - സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ ഇത്തരത്തിലുള്ള കോമ്പൻസേഷൻ ഈടാക്കാത്തത് മൂലം 7044/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 170/2024 പെരുമ്പടവം പാൽ സൊസൈറ്റി റോഡ്-മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ജോയ് തോമസ് |
| ഇ.എം.ബുക്ക് നം | 79019/22 |
| എഗ്രീഡ് പിഎസി | 320165/- |
| പ്രവൃത്തി മൂല്യം | 211399/- |
| ബിൽ നം. | 420,23/3/24 |

25.03.23-ൽ ചമച്ച കരാർ പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 24.09.23-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 01.03.24-ലാണ്. പ്രവർത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം 22 ആഴ്ച. ഈടാക്കേണ്ട കോമ്പൻസേഷൻ 7044/-(320165 X 2.2% = 7044/-)

പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമോ, കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതോ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതായോ ഫയലിൽ കാണുന്നില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നം 20/11.12.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1% നിരക്കിൽ 22 ആഴ്ചത്തേയ്ക്ക് ഈടാക്കേണ്ട കോമ്പൻസേഷൻ 7044/-(320165 X 2.2% = 7044/-) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-30 പുത്തൻകോളനിയിൽ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നം, പേര് | 209/24,പുത്തൻകോളനിയിൽ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ, വാർഡ് -4. |
| അടങ്കൽ | 40000/- (തനത് ഫണ്ട്.) |
| ചെലവ് | 29272/-, വൗച്ചർ നം.22300457/23-9-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം പുത്തൻകോളനിയിൽ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ, (വാർഡ് -4.) എന്ന പ്രവർത്തിക്കായി 29272/-രൂപ കെ.എസ്.ഇ.ബിയിൽ മേൽ വൗച്ചർ പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തിയുടെ പൂർത്തീകരണം നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഡെപ്പോസിറ്റ് തുകയായ 29272/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-31 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രൊജക്ടുകളിൽ രേഖകൾ അപൂർണ്ണം**

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയിരിക്കുന്ന, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ, ജില്ലാ സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി നാലാം ഘട്ടം എന്നിവയുടെ ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയവ പരിശോധിച്ചു. ഇവയിൽ പ്രോജക്ട് വഴി ചെയ്യാൻ ഉദ്ദേശിച്ച കാര്യങ്ങളും, ചെയ്ത കാര്യങ്ങളും, കൈവരിച്ച നേട്ടങ്ങളും, മോണിറ്ററിംഗ് റിപ്പോർട്ടും ഉൾപ്പെടുത്തിയിരുന്നില്ല. ആയവ സംബന്ധിച്ച് ഓഡിറ്റ് എൻകയറികൾ നമ്പർ 11/തീയതി 09.12.2024, നമ്പർ 12/തീയതി 10.12.2024 എന്നിവ

നൽകിയതിനെത്തുടർന്ന് അപാകത പരിഹരിച്ച് വിശദീകരണങ്ങൾ ലഭ്യമാക്കി. രണ്ട് പ്രാവശ്യം ഓഡിറ്റ് എൻക്വയറി നൽകുകയും, ആവർത്തിച്ച് ആവശ്യപ്പെടുകയും ചെയ്തതിന് ശേഷമാണ് അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയത്. ഭാവിയിൽ പ്രോജക്ട് വഴി ചെയ്യാൻ ഉദ്ദേശിച്ച കാര്യങ്ങളും ചെയ്ത കാര്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ടോടുകൂടി ഫയലുകൾ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കുന്നതിനായി ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 300000 | ലൈഫ് പദ്ധതി എസ്.സി, 111/24 | 360000 | 0 |
| | 2023-24 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 74/24 | 300000 | 0 |
| | 2023-24 | 400000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി, 41/24 | 400000 | 0 |
| | ആകെ | 1060000 | | 1060000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 200000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി, 41/24 | 200000 | 0 |
| | 2023-24 | 120000 | ലൈഫ് പദ്ധതി എസ്.സി, 111/24 | 120000 | 0 |
| | 2023-24 | 114400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 78/23 | 114400 | 0 |
| | 2023-24 | 197712 | സമഗ്ര നെൽക്കൃഷി വികസനം, 2/24 | 197712 | 0 |
| | 2023-24 | 12000 | തരിശ് നെൽക്കൃഷി വികസനം, 3/24 | 12000 | |
| | 2023-24 | 400000 | ലൈഫ് പദ്ധതി(General), 109/24 | 400000 | 0 |
| | ആകെ | 1044112 | | 1044112 | 0 |

സംയുക്ത പ്രോജക്ടിലെ ബ്ലോക്ക് പഞ്ചായത്ത് ചെലവ് തുകയിൽ 187708/-രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 4ാം വാർഡ് പുത്തൻ കോളനിയിൽ ഇലക്ട്രിക്ക് ലൈൻ സ്ഥാപിക്കൽ (209/24) | 42300386 /23.09.23 | 29,272.00 | 0 | 29,272.00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻവർഷം ലഭിച്ചത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | 17/2018/ധന തീയതി. 06.03.2018 | ₹8140000 | ₹508752 | ₹8648752 | ₹1844240* | 0 | ₹6804512 |

Go Project
1) 240/24 - ₹155967/-, ലൈഫ് വായ്പ ജനറൽ
2) 243/24 - ₹155967/-, ലൈഫ് വായ്പ ജനറൽ
3) 246/24 – ₹155965/-, ലൈഫ് വായ്പ ജനറൽ
4) 241/24 - ₹168114/-, ലൈഫ് വായ്പ SCP
5) 244/24 - ₹168114/-, ലൈഫ് വായ്പ SCP
6) 247/24 - ₹168113/-, ലൈഫ് വായ്പ SCP

* തൻവർഷത്തെ ലോൺ തിരിച്ചടവ് ₹972240/- (ആകെ തിരിച്ചടവ് തുകയിൽ മുൻ വർഷങ്ങളിൽ എസ്.സി.പി ഇനത്തിൽ സോഴ്സിൽ നിന്നും കുറവ് ചെയ്തതും എന്നാൽ എ.എഫ്.എസിൽ ഉൾപ്പെടാത്തതുമായ 132000/-രൂപയും, മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ സ്റ്റേറ്റ് ഷെയർ കിട്ടിയത് തെറ്റായി ലോൺ തുകയായി ഉൾപ്പെടുത്തിയത് മൂലമുള്ള 740000/- ജേണൽ എൻട്രി മുഖേന കൃത്യമാക്കിയ തുക ഉൾപ്പെടെയാണ്.)

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹1286562 |
| തൻവർഷം പലിശ | ₹80294 |
| ആകെ | ₹1366856 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹1366856 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന ₹18340/- വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പിരീഡ് ഇൻകം ഹെഡിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ/സ്ഥാപനത്തിന്റെ പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2021-22 | 1-13(4) | ₹2,160.00 | ഇലഞ്ഞി ഓയിൽ മിൽസ് | 1230600894/17.08.2023 |
| 2 | 2020-21 | 1-12 | ₹1,080.00 | ബിന്ദു സജി | 1230800118/12.09.2023 |
| 3 | 2020-21 | 1-12 | ₹1,200.00 | പി യു വർഗ്ഗീസ് | 1230800147/14.09.2023 |
| 4 | 2020-21 | 1-12 | ₹4,800.00 | സജി വി അബ്രഹാം | 1230800148/14.09.2023 |
| 5 | 2020-21 | 1-12 | ₹1,800.00 | സജി ഇ കെ | 1230800189/18.09.2023 |
| 6 | 2019-20 | 1-15(5) | ₹2,500.00 | എ ജെ ജോസഫ് | 1230800231/21.09.2023 |
| 7 | 2020-21 | 1-12(7) | ₹1,800.00 | സുസ്മിത രാജേന്ദ്രൻ | 1230800555/04.11.2023 |
| 8 | 2022-23 | 1-14-3(7) | ₹1,000.00 | നീതു രതീശൻ | 1230801784/30.01.2024 |
| 9 | 2022-23 | 1-14-3(7) | ₹2,000.00 | എ ജെ ജോസഫ് | 1230803437/23.03.2024 |
| | | ആകെ | ₹18,340 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-26 | 2020-21 | 1-2 | മഴക്കാല പൂർവ ശുചീകരണം-രേഖകൾ ലഭ്യമല്ല | മെഡിക്കൽ ഓഫീസർ നൽകിയ മറുപടി പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹39407783 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹32563678 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹859859 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹150000/- | ഷാജി ജോൺ, ഹെഡ്മാസ്റ്റർ. |
| 1-17 | ₹128087 | ഡോ.സൂര്യാമോൾ വി.എസ്. മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-20 | ₹537500 | എൽദോസ് അബ്രഹാം, കൃഷി ഓഫീസർ |
| 1-25 | ₹15000 | ഡോ.മോഹൻദാസ് റ്റി.കെ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-30 | ₹29272 | തോമസ് ഉമ്മൻ സെക്രട്ടറി |
| ആകെ | ₹859859 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.
ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.
ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജി ജോൺ, ഹെഡ് മാസ്റ്റർ. | ഹെഡ്മാസ്റ്റർ, എൽ.പി.എസ്, ഇലഞ്ഞി. | കുഴിവേലിൽ വീട്, ഒലിപ്പുറം, കൂത്താട്ടുകുളം. |
| ഡോ. സൂര്യമോൾ വി എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | കാരച്ചുവട്ടിൽ, ഉദയംപേരൂർ എറണാകുളം |
| തോമസ് ഉമ്മൻ | സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | സമുദ്രായത്തിൽ ഗ്രേസ് കോട്ടജ്, കാരംകോട്, കൊല്ലം |
| എൽദോസ് അബ്രഹാം, | കൃഷി ഓഫീസർ,ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | ആറടി കുന്നേൽ, കരിമ്പന കൂത്താട്ടുകുളം. |
| ഡോ.മോഹൻദാസ് റ്റി.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി),ഇലഞ്ഞി | കൃഷ്ണ കടാക്ഷം, പാഴൂർ പി.ഒ, |

| | | എറണാകുളം |
|---|---|---|

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1988-89 | 48,58 | കെ.എസ്.എ.ഇ.കെ.എം പി9/503(i) /2018/ 3.5.18 | 2 |
| 2006-07 | 2-2, 3-1ബി, 3-5-2, 3-10, 3-14, 3-15, 3-16, 3-18, 3-19 | കെ.എസ്.എ.ഇ.കെ.എം പി9/503(ii) /2018/3.5.18 | 9 |
| 2008-09 | 2-2, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-10, 3-13, 3-14-1, 3-15(എ), 3-20(1), (2) | എൽ.എഫ്.ഇ പി9/669/10/29.10.2011 | 13 |
| 2009-10& 10-11 | 2-1, 2-2, 2-4, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-14, 3-15 | കെ.എസ്.എ.ഇ.കെ.എം പി9/503(iii) /2018/5.7.18 | 15 |
| 2011-12 | 2-5, 3-5, 3-7 | കെ.എസ്.എ.ഇ.കെ.എം പി9/503(iv /2018/ 3.5.18 | 3 |
| 2012-13 | 2-2, 3-1, 3-2, 3-6, 3-8 | കെ.എസ്.എ.ഇ.കെ.എം പി9/503(v) /2018/5.7.18 | 5 |
| 2013-14 &2014-15 | 2-1, 2-2, 3-6, 3-7, 3-8, 3-9 | കെ.എസ്.എ.ഇ.കെ.എം പി9/2150 /2017/30.7.18 | 6 |
| 2015-16 | 2-4, 3-4, 3-5, 3-6 | കെ.എസ്.എ.ഇ.കെ.എം പി9/2227 /16/12.1.17 | 4 |
| 2016-17 | 2-1, 2-2, 2-3, 2-5 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020 | 4 |
| 2017-18 | 2-4-1, 2-4-3, 2-4-4, 3-6, 3-10 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020 | 5 |
| 2018-19 | 1-15,1-18,1-20, 4-8 | കെ.എസ്.എ.ഇ.കെ.എം പി9/509/20/ 14.9.2020 | 4 |
| 2019-20 | 1-17, 1-18-1, 2-1, 3-1, 3-2 | കെ.എസ്.എ.ഇ.കെ.എം പി9/509/20/ 14.9.2020 | 5 |
| 2020-21 | 1-2, 1-2-1 (1, 2, 5, 6), 1-11, 1-12, 1-13, 1-14, 1-15, 1-18, 1-19 | കെ.എസ്.എ.ഇ.കെ.എം പി9/1063/22/ 17.02.2023 | 9 |
| 2021-22 | 1-2,-1, 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19(2), 1-21, 1-22, 1-23, 1-24, 1-25, 1-27, 1-28(1, 2, 3) | കെ.എസ്.എ.ഇ.കെ.എം(പി.9)1602/22 / 24.06.23 | 16 |
| 2022-23 | | കെ.എസ്.എ.ഇ.കെ.എം(പി.9)1761/23/ 19.12.23 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 29-06-2024 and submitted on 22-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Elanji Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Elanji Grama Panchayat as on 31-03-2024

**Date: 26/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Elanji Grama Panchayat for the Year 2023-2024.

**1.Major Observations**

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

**2.Other Observations**

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.
2. Property tax figures do not match with the annual financial statements and Sanjaya figures.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Cash Flow statement Net increase/decrease in cash flow do not match with difference between opening balance and closing balance.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്